
# SREE NARAYANA GURU

## THE LIFE AND TEACHINGS



INTERNATIONAL CONFERENCE PROCEEDINGS

Chief Editors

Dr. M.. Ilangovan

Dr. E. K. Girisan

**Title: Proceedings of the International Conference on the Life and Teachings of Sree Narayana Guru (ICLTSNG-21)**


| | |
|---|---|
| Editors: | Dr M Ilangovan<br>Dr E K Girisan |
| Published by: | Sree Narayana Guru College<br>K G Chavadi,<br>Coimbatore -641 105 |
| Printed by: | T V SEKHARAN SONS CHARITABLE TRUST<br>Coimbatore |
| ISBN: | 978-93-5526-674-3 |
| Edition: | First |
| Month and Year: | October, 2021 |


| | |
|---|---|
| Copyright @ | SNGC |


| | |
|---|---|
| Pages: | 372 |
| Price: | Rs.500 |

| | | | |
|---|---|---|---|
| 49 | ക്ഷേത്രാരാധനാ രംഗത്ത് ശ്രീനാരായണഗുരു വരുത്തിയ വിപ്ലവകരമായ മാറ്റങ്ങൾ | ലത. കെ., അസി. പ്രൊഫസർ (മലയാളം), ശ്രീനാരായണഗുരു കോളേജ്, കോയമ്പത്തൂർ.<br>ഇമെയിൽ : lethasngc83@gmail.com | 329 |
| 50 | ശ്രീനാരായണഗുരു - നവോത്ഥാന നായകൻ | എം.എൻ. നന്ദിനി<br>I M.S.W<br>ശ്രീനാരായണഗുരു കോളേജ്, കോയമ്പത്തൂർ. | 337 |
| 51 | ശ്രീനാരായണഗുരുവിന്റെ ആത്മീയ ചിന്തകൾ | ഡോ. എസ്.എസ്. രശ്മി., അസോ. പ്രൊഫസർ (ഹിന്ദി), ശ്രീനാരായണഗുരു കോളേജ്, കോയമ്പത്തൂർ.<br>ഇമെയിൽ : resmivijay6@gmail.com | 340 |
| 52 | The Guru And The Modern World | *Shri.Thalassery Sudhakar*<br>*SNGST Charitable Trust*<br>*Aluva* | 350 |

# ശ്രീനാരായണഗുരുവിന്റെ ആത്മീയ ചിന്തകൾ

ഡോ. എസ്.എസ്. രശ്മി., അസോ. പ്രൊഫസർ (ഹിന്ദി),
ശ്രീനാരായണഗുരു കോളേജ്, കോയമ്പത്തൂർ.
ഇമെയിൽ : resmivijay6@gmail.com

### ശ്രീനാരായണഗുരു ജീവചരിത്രം

ആദ്യകാലത്തു നാണു ആശാൻ (നാരായണൻ ആശാൻ എന്നതിന്റെ ഹ്രസ്വരൂപം) എന്നറിയപ്പെട്ടിരുന്ന നാരായണ ഗുരു 1856-ാം വർഷം ആഗസ്റ്റ് മാസം 20ന് ആണ് ഭൂജാതനായത്. അദ്ദേഹത്തിന്റെ പിതാവ് 'മാടൻ ആശാൻ' ആയിരുന്നു. തന്റെ വീട്ടിൽ സമ്മേളിക്കുന്ന ഗ്രാമവാസികൾക്ക് പുരാണങ്ങൾ വായിച്ചു കേൾപ്പിക്കുകയും അർത്ഥം വിശദീകരിച്ചു കൊടുക്കുകയും പതിവായിരുന്ന തിനാലാണ് 'ആശാൻ' എന്നദ്ദേഹത്തെ വിളിച്ചിരുന്നത്. തിരുവനന്തപുരത്തു നിന്നും വടക്കു മാറിയുള്ള ചെമ്പഴന്തി ഗ്രാമത്തിലായിരുന്നു മാടനാശാന്റെ ഭവനം. പിൽക്കാലത്തു പ്രഖ്യാതനായിത്തീർന്ന നാരായണ ഗുരുവിന്റെ എളിയ പരിതസ്ഥിതിയിലുള്ള ജന്മത്തിനു സാക്ഷ്യം വഹിക്കുന്ന ഗൃഹം ഇന്നും പരിരക്ഷിക്കപ്പെട്ടു പോരുന്നുണ്ട്. മാതാവായ കുട്ടിയമ്മ ശാന്തപ്രകൃതയും, ഈശ്വരഭക്തയും എന്തും എളുപ്പത്തിൽ മനസ്സിൽ തട്ടുന്ന മട്ടുകാരിയും ആയിരുന്നു. നാണുവിനു 10 വയസ്സു തികയുന്നതിനു മുൻപു ആ സാദ്ധ്വി പരലോകം പ്രാപിച്ചു. വ്യാസമഹർഷിക്കു ജന്മം നൽകിയ ദാശപുത്രി സത്യവതിയെപ്പോലെ. പാരമ്പര്യ ത്തെക്കുറിച്ചോ സമ്പൽപ്രൗഢിയെക്കുറിച്ചോ ഒന്നും അവകാശപ്പെടാൻ അവർക്കും ഉണ്ടായിരുന്നില്ല. അവരുടെ നന്മകൾ സഹജങ്ങളായിരുന്നു.

പ്രായപൂർത്തിയായതിനു ശേഷം പിതാവു നടത്തിവന്ന പുരാണ വ്യാഖ്യാനവും പാരായണവും നാണു ഏറ്റെടുത്തു. അപ്പോഴേക്കും മലയാളവും, കുറച്ചൊക്കെ തമിഴും, പഠിക്കാൻ കഴിയുന്നിടത്തോളം കാവ്യം, നാടകം, വ്യാകരണം, അലങ്കാരം എന്നിങ്ങ നെയുള്ള സംസ്കൃത പാഠങ്ങളും നാണു നേടിക്കഴിഞ്ഞിരുന്നു. അച്ഛനും മകനും, അങ്ങനെ അന്നത്തെ പരിതസ്ഥിതി അനുവദിക്കുന്നിടത്തോളം പാണ്ഡിത്യ മുള്ളവരായിരുന്നു. കുടുംബത്തിന്റെ ജീവിതമാർഗ്ഗമെന്ന നിലയിൽ കാർഷികവൃത്തിയിൽ ഏർപ്പെട്ടിരുന്നുവെങ്കിലും ആശാൻ എന്ന സ്ഥാനം പാരമ്പര്യ വഴിക്ക് തൊഴിലിനെ ആസ്പദിച്ചു തന്നെ വന്നു ചേർന്നതാണ്. ആ നിലയ്ക്കു നാരായണന്റെ പശ്ചാത്തലം ഒരിടത്തരം കാർഷിക കുടുംബത്തിന്റേതാണ് എന്നു പറയാം. ജ്യോതിഷം, ആയുർവേദം തുടങ്ങിയ ശാസ്ത്രങ്ങളിലുള്ള അഭിരുചിയും സാംസ്കാരിക പാരമ്പര്യമായി സിദ്ധിച്ചിരുന്നു. നാണുവിന്റെ ഒരമ്മാവൻ ആയുർവേദ ചികിത്സ തൊഴിലായി തന്നെ സ്വീകരിച്ചിരുന്നു. സങ്കുചിതവർഗ്ഗങ്ങളും ജാതികളും കൊണ്ടു വൈവിധ്യമാർന്ന ഇന്നത്തെ കേരളത്തിന്റെ പ്രാഗ് കാലമെന്ന നിലയിൽ, നൂറുകണക്കിനു ജാതികളും ഉപജാതികളും നിറഞ്ഞ ആ സാമൂഹ്യചിത്രത്തെ ശരിക്കും മനസ്സിലാക്കാത്തവരെ സംബന്ധിച്ചിടത്തോളം

ISBN: 978-93-5526-674-3

നാരായണ ഗുരുവിനെ, ഇപ്പോൾ പലരും ചെയ്യാറുള്ളതുപോലെ പിന്നോക്ക ജാതിയിൽപ്പെട്ട ഒരു 'ഈഴവൻ' എന്നു വകതിരിച്ചു കാണിക്കുന്നത് തെറ്റിദ്ധാരണക്കിട നൽകുന്നതാവും. ഒരു കടങ്കഥപോലെ വൈവിദ്ധ്യം നിറഞ്ഞ കേരളത്തിന്റെ ശരിയായ ഒരു സാമൂഹ്യചരിത്രം സത്യസന്ധമായി എഴുതി ഉണ്ടാക്കുന്നതുവരെ വൈദേശികരായ കൊളോണിയൽ ഭരണക്കാരുടെയും ക്രിസ്ത്യൻ മിഷനറിമാരുടെയും സൗകര്യത്തിനായി ഓരോ പട്ടികയിൽ വിളിച്ചുപോന്നിരുന്ന ജാതിപ്പേരുകൾ എന്നതിൽ കവിഞ്ഞ് ഈ ജാതിനാമങ്ങൾക്ക് ഒരർത്ഥവുമില്ല.

ബാല്യകാലത്ത് തടി കുറഞ്ഞ് കായികാഭ്യാസങ്ങൾക്കു യുക്തമായ ശരീരപ്രകൃതി യായിരുന്നുവത്രെ നാണുവിനുണ്ടായിരുന്നത്. ഉന്നം പിഴക്കാത്ത ആ ബാലൻ വീട്ടിനടു ത്തുള്ള ഒരു കൂറ്റൻ മാവിൽ നിന്ന് മാങ്ങകൾ എളുപ്പത്തിൽ എറിഞ്ഞുവീഴ്ത്തുമായിരുന്നു. വിദ്യാഭ്യാസകാലത്ത് തെറ്റില്ലാതെ കൈയ്യക്ഷരവും ഋജുവും പരിശുദ്ധവുമായ സ്വഭാവരീതികളുമാണു നാണുവിനുണ്ടായിരുന്നത്. അക്കാലത്തുപോലും ജാതിനിയമ ങ്ങളെ വിസ്മരിച്ചോ കരുതിക്കൂട്ടി അതിലംഘിച്ചോ ഗ്രാമത്തിലെ എല്ലാ കുട്ടികളുമായും ആ ബാലൻ ഇടപഴകിയിരുന്നു എന്നു ജീവചരിത്രകാരൻമാർ എടുത്തു പറയുന്നുണ്ട്. പാഠങ്ങൾ നാണുവിന് ഒട്ടും പ്രയാസമുള്ളതായിരുന്നില്ല. ഒരിക്കലും ശിക്ഷിക്കേണ്ടതില്ല. അങ്ങനെയൊരു ശിഷ്യനെയാണ് അധ്യാപകൻമാർ അവനിൽ കണ്ടത്. എന്നാൽ അദ്ദേഹത്തിന്റെ അന്വേഷണബുദ്ധിയാകട്ടെ എപ്പോഴും എല്ലാറ്റിനേയും നിശിതമായി ചോദ്യം ചെയ്യുന്നതും ഒരു ശാസ്ത്രജ്ഞന്റേതുപോലെ ഗുണവീര്യങ്ങൾ പലപ്പോഴും പരിശോധിച്ചു നോക്കിയിട്ടുള്ളത് സ്വശരീരത്തിൽത്തന്നെ അവയേ പ്രയോഗിച്ചു നോക്കിയിട്ടായിരുന്നുവെന്ന് കേട്ടിട്ടുണ്ട്.

ഇരുപത്തിമൂന്നാമത്തെ വയസ്സിൽ നാണുവിന് സ്വന്തം പ്രവർത്തിയും സ്വന്തം ഗ്രാമത്തിൽ ലഭ്യമായ വിദ്യാഭ്യാസവും അപര്യാപ്തമായി തോന്നി.

ഒരിക്കൽ ആരോടും പറയാതെ അദ്ദേഹം വീടുവിട്ട് ഇരുപതു നാഴിക വടക്കുള്ള ഒരു ഗ്രാമത്തിലേക്കു പോയി. വീട്ടിലെ വിശ്വസ്ഥനായ ഒരു വേലക്കാരനു വേണ്ടി ഏതാനും സമ്മാനങ്ങൾ അവനു ലഭിക്കത്തക്കവണ്ണം വച്ചിട്ടുണ്ടായിരുന്നത്രേ. തിരഞ്ഞുചെന്ന അമ്മാവൻ കണ്ടത് ചിറയിൻകീഴ് ഗ്രാമത്തിൽ ഉപരിപഠനം നടത്തുന്നതിനായിട്ടാണ്. അവിടെനിന്നും അമ്മാവ നോടൊപ്പം മടങ്ങിവന്നെങ്കിലും വീണ്ടും സംസ്കൃതം പഠിക്കണമെന്നുള്ള നിർബന്ധത്തോടുകൂടി കായംകുളത്തിനടുത്തുള്ള പുതുപ്പള്ളി എന്ന സ്ഥലത്തു പോകുകയുണ്ടായി. അവിടെ വാരണപ്പള്ളി എന്ന പുരാതന കുടുംബത്തിൽ വിദ്യാർത്ഥികളെ താമസിപ്പിച്ചു ഗുരുകുല സമ്പ്രദായത്തിൽ പഠിപ്പിക്കുന്ന പതിവുണ്ടായിരുന്നു. അക്കാലത്ത് അവിടെ ശിക്ഷണം നൽകി വന്നിരുന്നത് ഒരു സുപ്രസിദ്ധ പണ്ഡിതനായിരുന്ന കുമ്മമ്പിള്ളി രാമൻപിള്ള ആശാനായിരുന്നു. ഒരു ഏകാദ്ധ്യാപക സ്ഥാപനമായ ഈ പാഠശാലയിൽ രണ്ടുമുന്നു ഡസൻ വിദ്യാർത്ഥികൾക്കു അടുത്തു

മറ്റെങ്ങും ലഭ്യമല്ലാതിരുന്ന ഉയർന്ന തരത്തിലുള്ള വിദ്യാഭ്യാസം നൽകപ്പെട്ടു വന്നു. പുരാതനേന്ത്യയിലെ വനാന്തര ഗുരുകുലങ്ങളെ ഓർമ്മിപ്പിക്കുന്നതായിരുന്നു അത്. ഭരണകൂട ത്തിന്റെയോ സർവ്വകലാശാലയുടെയോ സഹായമൊന്നുമില്ലാത്ത അത്തരം സ്ഥാപനങ്ങളാണ് ഇന്ത്യൻ സംസ്കാര പാരമ്പര്യത്തിന്റെ നട്ടെല്ലായിരുന്നിട്ടുള്ളത്. ഗുരു കോലായിലുള്ള തന്റെ പീഠത്തിൽ ഇരുന്നുകൊണ്ട് പറഞ്ഞുകൊടുക്കുന്നത് അടുത്തിരുന്നു ശ്രദ്ധാപൂർവ്വം കേൾക്കുവാനുള്ള പാകത്തിൽ കെട്ടിയിരുന്ന ഒരോലക്കൂടിലിൽ ഇരുന്നു ശിഷ്യൻമാർ പാഠം കേൾക്കുകയാണു പതിവ്. തലമുറകളെ കവച്ചുവെച്ചു പോന്നിട്ടുള്ള ജ്ഞാനത്തിന്റെയും സംസ്കാരത്തി ന്റെയും മുറിയാത്ത പ്രവാഹത്തെ നിലനിർത്തി പോന്നിരുന്നത് ഇപ്രകാരമുള്ള ഗുരുക്കൻമാരുടെയും ശിഷ്യൻമാരുടെയുമിടയിൽ ഉണ്ടായിരുന്ന സുദൃഢമായ പാരസ്പര്യമായിരുന്നു.

ഈ വിദ്യാലയത്തിലെ ജീവിതം നാണുവിനൊഴിച്ചു മറ്റാർക്കും തന്നെ പ്രശാന്തമോ, അന്തർമുഖത്വപ്രേരകമോ ആയിരുന്നില്ല. അന്നത്തെ സതീർത്ഥ്യ രിൽ പെരുന്നെല്ലി കൃഷ്ണൻ വൈദ്യനും വെളുത്തേരി കേശവനാ ശാനും പിന്നീട് അവരുടെ സ്വന്തം രംഗങ്ങളിൽ പ്രശസ്തരായി. അതുപോലെ പിൽക്കാലത്ത് ഗുരുവിനോട് ഏറ്റവും ബന്ധപ്പെട്ട ഒരു മഹാത്മാവായിരുന്നു ചട്ടമ്പിസ്വാമികളന്നു പിന്നീടു പ്രസിദ്ധനായിത്തീർന്ന കുഞ്ഞൻപിള്ള. ഈ പേര് പഴയ തിരുവിതാംകൂറിലെ സംസ്കാരത്തേയും ഭാഷയേയും വളരെ സ്വാധീനം ചെയ്തിരുന്ന തമിഴിൽ നിന്ന് ഉണ്ടായിട്ടുള്ളതായിരിക്കണം. ശിക്ഷണത്തിനു സഹായകമാകുന്ന ചട്ടമനുസരിച്ച് ഗുരുകുലത്തിലെ അച്ചടക്കം പാലിച്ചുപോ ന്നിരുന്ന ആളിനെയാണു ചട്ടമ്പി എന്നു വിളിച്ചു വന്നിരുന്നത്. തമിഴിൽ 'ചട്ടം' എന്നു പറഞ്ഞാൽ നിയമം എന്നും 'പിള്ള' എന്നു പറഞ്ഞാൽ അധികാരിയെ ന്നുമാണ് അർത്ഥം. നാണു അസാധാരണമായ ഒരുൾവലിവോടു കൂടി ജീവിച്ചിരുന്ന അത്യന്തം സരളസ്വഭാവമുള്ള ഒരു ശാന്തനായിരുന്നു. ആ ജീവിതത്തിന്റെ അടിയൊഴുക്കു ഭക്തിനിർഭരമായിരുന്നു. എന്നാൽ തന്റെ സതീർത്ഥ്യരാകട്ടെ ഒന്നിനെയും സാരമാക്കുന്ന പ്രകൃതമുള്ളവരായിരുന്നില്ല. കടലിൽ സഞ്ചരിക്കുന്നവരുടെ ഒരു സാഹസിക മനോഭാവം അവരിൽ തെളിഞ്ഞു കാണാമായിരുന്നു. വർഗ്ഗപരമായി നോക്കുന്നതായാൽ ഇവർക്കു ദക്ഷിണസാഗര ദ്വീപുകളിലെ ജനങ്ങളുമായി വേഴ്ചയുണ്ടായിരുന്നു എന്നു പറയാം. അവരുടെ പ്രകൃതവുമായി ഒരിക്കലും പൊരുത്തപ്പെടാത്ത നാണുവിനെ അവർ അതുകൊണ്ട് എപ്പോഴും പരിഹാസത്തിന് പാത്രമാക്കിയെങ്കിൽ അതിൽ ഒട്ടും അത്ഭുതപ്പെടുവാനില്ല. ഈ യുവാക്കൻമാരായ സതീർത്ഥ്യരുടെ ചാപല്യം അതിരു കടന്നുപോകാതെ നോക്കുവാൻ അക്കുടുംബത്തിലെ പ്രധാനിയായ കാരണവർ ശ്രദ്ധവച്ചിരുന്നു. നാണു അധികസമയവും ഗ്രന്ഥപാരായണത്തിൽ തന്നെ മുഴുകിയിരിക്കും.

തനിക്കു വേഴ്ചയുണ്ടായിരുന്നത് വളരെ കുറച്ചുപേരോടു മാത്രം. അതു പലപ്പോഴും എല്ലാവരാലും വിഗണിക്കപ്പെട്ടിരുന്ന ഭൃത്യനോടോ പശുപാലകനോടോ ആയിരിക്കുകയും ചെയ്യും. ബാലിശങ്ങളും ഉപരിപ്ലവങ്ങളുമായ കാര്യങ്ങളെ വിട്ട്,

അഗാധ കാര്യങ്ങളിൽ ശ്രദ്ധ പതിപ്പിക്കുന്ന സാത്വികനുമായിട്ടായിരുന്നു അദ്ദേഹത്തിന്റെ സഹവാസം. ഒരിക്കൽ അദ്ദേഹം വാരണപ്പള്ളിയിലെ ഒരു ലതാനികുഞ്ജത്തിൽ ധ്യാനലീനനായിരിക്കുമ്പോൾ സമാധിസ്ഥനായിത്തീരുകയും വളരെ നേരത്തേക്കു ബാഹ്യപ്രജ്ഞ മറഞ്ഞുപോകുകയും ചെയ്തു. അദ്ദേഹത്തിന്റെ ജീവിതത്തിൽ പിന്നീടു ചിരസ്ഥായിയിത്തീർന്ന ഗൂഢാവബോധത്തിന്റെ പ്രാരംഭദശയായി ഇതിനെ കണക്കാക്കാവുന്നതാണ്. അന്നു താൻ അനുഭവിച്ച ആത്മനിർവൃതിയുടെ ഏകദേശരൂപം മനസ്സിലാക്കുവാൻ ഗുരു തന്നെ ആ അവസരത്തിൽ രചിച്ച ഒരു പദ്യശകലം സഹായകമെന്നു കരുതി താഴെ ചേർക്കുന്നു.

ഭൂയോവൃത്തി നിവൃത്തിയായ് ഭുവനവും സത്തിൽ തിരോഭൂതമായ്
പീയുഷധ്വനി ലീനമായ് ചുഴലവും ശോഭിച്ചു ദീപപ്രഭ
മായാമൂടുപടം തുറന്നു മണിരംഗത്തിൽ പ്രകാശിക്കുമ-
ക്കായാവിൻ മലർമേനി കൗസ്തുഭമണിഗ്രീവന്റെ ദിവ്യോത്സവം

ശ്രീനാരായണഗുരുവിന്റെ ദൈവദശകം

ഭാരതീയമായ ദർശന സമൂഹത്തിലെ വ്യത്യസ്ഥ ചിന്താധാരകളിലൂടെ നമ്മുടെ ബുദ്ധിയെ നയിക്കുകയും അപാരവും സങ്കീർണ്ണവുമായ ദാർശനിക വശങ്ങൾ അയത്ന ലളിതമായി നമ്മുടെ മനീഷയ്ക്ക് അനുഭവവേദ്യമാക്കുകയും ചെയ്യുന്ന ഒരു കാവ്യ സംസ്കാരം ശ്രീനാരായണഗുരു നമ്മുടെ മുൻപിൽ അവതരിപ്പിച്ചിട്ടുണ്ട്. അതിനു ഒരു ഉത്തമോദാഹരണമാണ് ദൈവദശകം. അതീവ ലളിതമെങ്കിലും അതി വിശാലമായ ഒരു ദാർശനിക തലം ഈ കൃതിയിൽ കാണാൻ കഴിയും. അനുഷ്ടുപ്പ് വൃത്തത്തിൽ രചിച്ചിട്ടുള്ള ഈ സ്തോത്രത്തിനു അനുവാചകന്റെ ഹൃദയത്തിലേക്ക് ഒരു തേൻതുള്ളിയുടെ മാധുര്യത്തോടെ അലിഞ്ഞിറങ്ങാൻ കഴിയും.

ശ്രീനാരായണഗുരുവിന്റെ ദൈവദശകത്തെ നവേജ്യാതിശ്രീ കരുണാകര ഗുരുവിന്റെ മൊഴികളുടെ വെളിച്ചത്തിൽ നോക്കിക്കാണാനുള്ള ഒരു ശ്രമം ആണിത്.

'ദൈവമേ കാത്തുകൊൾകങ്ങു
കൈ വിടാതിങ്ങു ഞങ്ങളെ
നാവികൻ നീ ഭവാബ്ധിക്കോ
രാവിവൻതോണിനിൻപദം'

ആരാണ് ദൈവം? ദ്യോവിൽ അഥവാ ഈ പ്രപഞ്ചം മുഴുവൻ നിറഞ്ഞു നിൽക്കുന്ന പരബ്രഹ്മം. ആ പരമ ചൈതന്യത്തോടാണ് പ്രാർത്ഥന. ആ ദൈവം ഞങ്ങളുടെ കൈ വിടാതെ ഞങ്ങളെ കാത്തുകൊള്ളണേ എന്നാണ് പ്രാർത്ഥിക്കുന്നത്. ഭാരതചിന്തയിലെ മർക്കട കിശോര ന്യായം. മാർജാരകിശോര ന്യായം എന്നിവ ഇവിടെ സ്മരണാർഹമാണ്. പിതാവിന്റെ അഥവാ മാതാവിന്റെ വിരലുകളിൽ പിടിച്ചു കുഞ്ഞു നടക്കുന്നത് മർക്കട കിശോര ന്യായം. കുരങ്ങിന്റെ കുഞ്ഞ് അമ്മയെ പിടിച്ചു ചേർന്നിരുന്നാണ് സഞ്ചാരം. എന്നാൽ പൂച്ച തന്റെ കുഞ്ഞിനെ സ്വയം

ISBN: 978-93-5526-674-3

കടിച്ചു പിടിച്ചു നടക്കുന്നു. ഇത് മാർജാര കിശോര ന്യായം. ദൈവത്തെ നാമല്ല മറിച്ച് ദൈവം നമ്മെ പിടിച്ചു നടത്തട്ടെ. അതാണ് കൂടുതൽ സുരക്ഷിതം.

ഈ സംസാര സാഗരത്തിൽ പെട്ടുഴലുന്ന ഞങ്ങൾക്ക് ആശ്രയമായ വലിയ കപ്പലാണ് ആ പദം അഥവാ കാലടി. ആ വലിയ കപ്പലിനെ നിയന്ത്രിക്കുന്ന നാവികനും ആ ദൈവം തന്നെ.

ഞങ്ങളെ ഏവരേയും ഒരുപോലെ കാത്തു രക്ഷിക്കാനാണ് ആവശ്യപ്പെടുന്നത്. ഈ ഞങ്ങൾ ആരാണ്. ഇങ്ങു കിടക്കുന്ന മർത്യൻ. ഇങ്ങു കിടക്കുന്ന ഞങ്ങൾക്കായി അങ്ങ് നിൽക്കുന്ന ദൈവത്തോടാണ് പ്രാർത്ഥന. ആസ്തിക ചിന്താഗതിക്കാരായ സാധാരണക്കാർ ദൈവമെന്നും, ഈശ്വരനെന്നും ബ്രഹ്മമെന്നും ഒക്കെ പറയുന്നത് ഒന്നിനെ തന്നെയാണെന്ന് കരുണാഗുരു പറയുന്നു.

ജ്ഞാനഘനവും സത്യപ്രകാശ സാന്ദ്രവുമായ ബ്രഹ്മം. അത് അങ്ങ് നിൽക്കുന്നു. മനുഷ്യൻ ഇങ്ങും ബ്രഹ്മത്തിലേക്കുള്ള യാത്രയാവണം മനുഷ്യജീവിതത്തിന്റെ അർത്ഥം.

പൗരാണിക കാലം മുതൽ ഇതു പഠനങ്ങൾ തുടങ്ങുമ്പോഴും ഗുരുവും ശിഷ്യനും ഒരുമിച്ചു പ്രാർത്ഥിച്ചു.

ഓം സഹനാ വവതു
സഹനൗ മുക്തതു
തേജസ്വിനാ വധീ തമസ്തു
രാ വിദ്വിഷാ വഹൈ
ഓം ശാന്തി ശാന്തി ശാന്തി

അങ്ങനെ ഞങ്ങളെ ഒരുമിച്ചു കാത്തു രക്ഷിക്കാനാണ് ആദ്യശ്ലോകത്തിലൂടെ ഗുരു ആവശ്യപ്പെടുന്നത്.

ഒന്നൊന്നായെണ്ണിയെണ്ണി തൊ
ട്ടെണ്ണും പൊരുളടങ്ങിയാൽ
നിന്നിടുംദൃക്കുപോലുള്ളം
നിന്നിലസ്പന്ദമാകണം.

ഭൗതികമായ ഈ ലോകത്തിൽ കാണപ്പെടുന്ന ഓരോന്നിലും അടങ്ങിയിട്ടുള്ളത് ബ്രഹ്മത്തിന്റെ അംശം തന്നെയാണ്. ഈ കാണായ തിന്റെയൊക്കെ അന്തരാർത്ഥങ്ങളിലേക്കിറങ്ങി ചെന്നാൽ അവിടെ അവശേഷി ക്കുന്നത് ബ്രഹ്മം തന്നെയെന്നു മനസ്സിലാക്കാം. നമുക്ക് ഗോചരമായിട്ടുള്ള ഓരോന്നിന്റെയും തനതു സ്വഭാവം നഷ്ടമായാൽ കാഴ്ച ഒരിടത്തു തന്നെ ഉറയ്ക്കുന്നത് പോലെ എന്റെ ഉള്ളം നിന്നിൽ തന്നെ സ്ഥിരമാകണം.

ഒരു സാധാരണ വ്യക്തിയുടെ ചിന്തകൾ ഈ പ്രകൃതിയിൽ തനിക്കു ചുറ്റും കാണുന്ന നാമരൂപങ്ങളെ അടിസ്ഥാനപ്പെടുത്തിയിട്ടുള്ളതാണ്. ദർശന ഘട്ടം മുതൽ പരംപൊരുളിലേക്കുള്ള യാത്രയിലെ ഓരോ ഘട്ടത്തിലും ഈ നാമ രൂപങ്ങളുടെ വാസ്തവം തിരിച്ചറിഞ്ഞ് അതിലെ യഥാർത്ഥ സ്വത്വം തന്നെ എന്ന് ഉറയ്ക്കാൻ തുടങ്ങും. അങ്ങനെ നമ്മുടെ മനസ്സ് ബ്രഹ്മത്തിൽ തന്നെ കേന്ദ്രീകരിക്കപ്പെടും.

നമുക്ക് ചുറ്റും കാണപ്പെടുന്ന ഏതൊരു വസ്തുവിന്റെയും അടിസ്ഥാന ഘടകം തന്മാത്രയാണ് എന്നും അതിനെ വിഘടിപ്പിച്ചാൽ അതിനുള്ളിൽ ഇലക്ട്രോൺ, പ്രോട്ടോൺ, ന്യൂട്രോൺ എന്നിവ അടങ്ങിയിട്ടു ണ്ടെന്നും നമുക്കറിയാം. അവയുടെയും ആഴങ്ങളിലേക്കിറങ്ങിച്ചെന്നാൽ ഒരുപക്ഷേ സാന്ദ്ര ഘനമാർന്ന ബോധം തന്നെയാവാം അവശേഷിക്കുന്നതെന്ന് ഇപ്പോൾ ചില ശാസ്ത്രകാരൻമാർ തന്നെ സമ്മതിക്കുന്നു. മണ്ണായാലും മരമായാലും മനുഷ്യനായാലും ഇതിനു മാറ്റം വരുന്നില്ല. യഥാർത്ഥത്തിൽ ഏതു വസ്തുവിന്റെയും ഏറ്റവും ആഴങ്ങളിലേക്ക് കടന്നു ചെന്നാൽ അവിടെ അവശേഷിക്കുന്നത് ഒന്ന് തന്നെയാണെന്ന് മനസ്സിലാക്കാം.

ശാസ്ത്രത്തിനു അതിനപ്പുറം കടക്കാൻ കഴിയുന്നില്ല. അതു തന്നെയാണ് നവജ്യോതിശ്രീ കരുണാഗുരു പറഞ്ഞിട്ടുള്ളത്. ശാസ്ത്രം എവിടെ ചെന്ന് മുട്ടുന്നുവോ അവിടെയാണ് ദൈവം ഇരിക്കുന്നത് എന്ന്.

അന്ന വസ്ത്രാദി കൂടാതെ
തന്നു രക്ഷിച്ചു ഞങ്ങളെ
ധന്യരാക്കുന്ന നീയൊന്നു
തന്നെ ഞങ്ങൾക്ക് തമ്പുരാൻ.

ഭൗതിക ജീവിതത്തിലെ ഏറ്റവും അടിസ്ഥാന ആവശ്യങ്ങളാണ് ആഹാരം, വസ്ത്രം തുടങ്ങിയവ. ഇവയ്ക്ക് മുട്ടു വരാതെ ഞങ്ങളെ തൃപ്തരാക്കുന്ന ആ ബ്രഹ്മം തന്നെയാണ് ഞങ്ങളുടെ ദൈവം. മനുഷ്യന്റെ അടിസ്ഥാന ആവശ്യങ്ങൾ നിവൃത്തിക്കാതെ ഏതൊരാൾക്കാണ് ആത്മീയ ചിന്തകൾ സാധ്യമാവുക? അതിനാലാണ് മനുഷ്യന്റെ പ്രാഥമിക കാഴ്ചപ്പാട് തന്നെ ഭക്ഷണവും വസ്ത്രവും ലഭ്യമാക്കുന്ന ശക്തി തന്നെയാണ് ദൈവം എന്നായി തീർന്നിട്ടുള്ളത്. അടിസ്ഥാന ആവശ്യങ്ങൾക്ക് പരിഹാരം കണ്ട ശേഷം മാത്രമേ ആത്മീയ ചിന്തകൾക്ക് പ്രസക്തിയുള്ളൂ.

ഈ കാഴ്ചപ്പാട് കൊണ്ടുതന്നെയാണ് ഗുരു നിർദേശപ്രകാരം അന്നദാനം, ആതുരസേവനം, ആത്മബോധനം എന്നീ ലക്ഷ്യങ്ങൾ ശാന്തിഗിരി ആശ്രമം ഹൃദയത്തോട് ചേർത്ത് പിടിച്ചിട്ടുള്ളത്. ഭക്ഷണവും വസ്ത്രവും രോഗമുക്തിയും ലഭിച്ച ശേഷമേ ആത്മചിന്തനത്തിനു സാഹചര്യം ഒരുങ്ങുകയുള്ളൂ.

ആഹാരവും വസ്ത്രവും എങ്ങനെ പരിഷ്കരിച്ചുപയോഗിക്കണമെന്നും ജീവിതം എങ്ങനെ നയിക്കണം എന്നും നമ്മളെ മനസ്സിലാക്കി തന്നിട്ട് നമ്മുടെ ബുദ്ധി ആത്മീയ ചിന്തയിലേക്ക് തിരിച്ചു വിട്ട്, ജീവന്റെ മുക്തിക്ക് അവകാശപ്പെടുത്തി നിർത്തുന്ന പാതയിലേക്കാണ് ഇന്ന് നമ്മെ ദൈവം നയിക്കുന്നത് എന്ന് നവജ്യോതിഷി കരുണാകരഗുരു അരുളിച്ചെയ്തത് ഇത്തരുണത്തിലാണ്.

### ഗുരുവചനം ഒരുജാതി ഒരു മതം ഒരു ദൈവം മനുഷ്യന്

മനുഷ്യജീവിതത്തെ സമഗ്രമായി കാണാനും മാറുന്ന ലോകത്തിന്റെ സ്പന്ദനങ്ങൾ കാലേക്കൂട്ടി മനസ്സിലാക്കാനും കഴിഞ്ഞ സാമൂഹ്യ നവോത്ഥാന നായകനായ ഗുരുദേവന്റെ മാനുഷികമായ മാഹാത്മ്യം മനസ്സിലാക്കണമെങ്കിൽ

ISBN: 978-93-5526-674-3 Eds: Dr. M.Ilangovan, Dr.E.K.Girisan 

പത്തൊൻപതാം നൂറ്റാണ്ടിലെയും ഇരുപതാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധ ത്തിലെയും സാംസ്കാരിക കേരളത്തിന്റെ സ്ഥിതി മനസ്സിലാക്കേണ്ടതുണ്ട്. ജാതിയുടെയും മതത്തിന്റെയും പേരിൽ മനുഷ്യന്റെ മൗലിക സ്വാതന്ത്ര്യത്തിനെതിരെ മതിൽകെട്ടുകൾ തീർത്തിരുന്ന കാലം. സ്വാമി വിവേകാനന്ദൻ ഭ്രാന്താലയം എന്ന് വിശേഷിപ്പിച്ച കേരളത്തെ ഒരു ജാതി ഒരു മതം ഒരു ദൈവം മനുഷ്യന് എന്ന മഹത്തായ സന്ദേശം മാനവർക്ക് നൽകി കേരളത്തെയും മറ്റു സാമൂഹികമായി അധഃപതിച്ചു കിടന്ന സംസ്ഥാനങ്ങളെയും ആത്മീയതയുടെയും മാനുഷിക മൂല്യങ്ങളുടെയും പുതിയൊരു തലത്തിലേക്കുയർത്തിയ അപൂർവ സമന്വയമായിരുന്നു ഗുരു എന്ന മഹത് വ്യക്തിത്വം.

വിദേശസംസ്കാരത്തിന്റെയും, സ്വസംസ്കാരത്തിനുള്ളിലെ അന്ധവിശ്വാസ ങ്ങളുടെയും ആക്രമണത്തെ നേരിടാൻ അദ്വൈതബോധത്തെ ഗുരുദേവൻ സമർത്ഥമായി ഉപയോഗിച്ചു.

ജാതി സങ്കൽപത്തെക്കുറിച്ച് വളരെ ശാസ്ത്രീയമായ ഒരു കാഴ്ചപ്പാടാണ് ഗുരുവിനുണ്ടായിരുന്നത്. ജന്മം കൊണ്ട് ജാതി നിശ്ചയിക്കുന്ന രീതി അദ്ദേഹം സ്വീകരിച്ചിരുന്നില്ല. ജാതി ലക്ഷണം, ജാതി നിർണ്ണയം എന്നീ കൃതികളിൽ അദ്ദേഹം തന്റെ ജാതി സങ്കൽപം വ്യക്തമാക്കിയിരുന്നു.

ഒരു ജാതി ഒരു മതം ഒരു ദൈവം മനുഷ്യന്
ഒരു യോനിയൊരാകാരമൊരു ഭേദവുമില്ലെങ്കിൽ

(മനുഷ്യന് ജാതിയൊന്നേയുള്ളൂ. മതം ഒന്നേയുള്ളൂ. ദൈവം ഒന്നേയുള്ളൂ. ഉൽപത്തിസ്ഥാനം ഒന്നേയുള്ളൂ. ആകൃതി ഒന്നേ ഉള്ളൂ. ഈ മനുഷ്യവർഗ്ഗത്തിൽ ഭേദം ഒന്നും തന്നെ കൽപ്പിക്കാനില്ല.)

ഒരു ജാതിയിൽ നിന്നല്ലോ പിറന്നീടുന്നു സന്തതി
നര ജാതിയിതോർക്കുമ്പോഴൊരു ജാതിയിലുള്ളതാം

(മനുഷ്യന്റെ സന്താനപരമ്പര മനുഷ്യവർഗ്ഗത്തിൽ നിന്നും മാത്രമാണല്ലോ ജനിക്കുന്നത്. ഇതാലോചിച്ചാൽ മനുഷ്യവർഗ്ഗം മുഴുവൻ ഒരു ജാതിയിലുള്ളതാണെന്ന് വ്യക്തമായി തീരുമാനിക്കാം)

നരജാതിയിൽ നിന്നത്രേ പിറന്നീടുന്നു വിപ്രനും
പറയാൻ താനുമെന്തുള്ളന്തരം നരജാതിയിൽ

(ബ്രാഹ്മണനും പറയനും മനുഷ്യവർഗ്ഗത്തിൽ നിന്നു തന്നെയാണ് ജനിക്കുന്നത്. ഈ നിലയ്ക്ക് മനുഷ്യവർഗ്ഗത്തിൽ ഭേദം എന്താണുള്ളത്?

പറച്ചിയിൽ നിന്നു പണ്ടു പരാശരമഹാമുനി
പിറന്നു മറസൂത്രിച്ച മുനി കൈവർത്തകന്യകയിൽ

(പുരാണ കാലത്തു തന്നെ വേദവ്യാസന്റെ പിതാവായ പരാശരമഹർഷി അദൃശ്യന്തി എന്നു പേരായ പറച്ചിയിൽ നിന്നും ജനിച്ചതായി കാണുന്നു. വേദങ്ങളെ ചിട്ടപ്പെടുത്തി ബ്രഹ്മസൂത്രം രചിച്ച വേദവ്യാസന് മത്സ്യഗന്ധി എന്നു പേരായ മുക്കുവ സ്ത്രീയിൽ ജനിച്ചതായും കാണുന്നു.)

ഇല്ലജാതിയിലൊന്നുണ്ടോവല്ലതും ഭേദമോർക്കുകിൽ

ചൊല്ലേറും വ്യക്തിഭാഗത്തിലല്ലേ ഭേദമിരുന്നിടൂ.

(വിവേകത്തിലും ഗുണകർമ്മങ്ങളിലും മനുഷ്യർക്ക് പരസ്പര ഭേദം ഉണ്ടാകാം. അത് ജന്മവുമായി കൂട്ടിക്കുഴക്കേണ്ട കാര്യമില്ല!)

മനുഷ്യരുടെ ജാതി, മനുഷ്യത്വം, ഗോക്കളുടെ ജാതി, ഗോത്വം, ബ്രാഹ്മണൻ, ക്ഷത്രിയൻ, വൈശ്യൻ, ശൂദ്രൻ, നായർ, നമ്പൂതിരി, ഈഴവൻ, പറയൻ, പുലയൻ തുടങ്ങിയവ മനുഷ്യത്വമോ ഗോത്വമോ പോലുള്ള ജാതിയല്ലല്ലോ. എന്നാൽ ഈ തത്വം ആരറിയാൻ? ആരും അറിയുന്നില്ല. ജന്മത്തിന്റെ അടിസ്ഥനത്തിൽ കൽപിക്കപ്പെട്ടിരിക്കുന്ന അജാതിക്ക് ശാസ്ത്രീയമായ അടിസ്ഥാനമൊന്നുമില്ല എന്നാണദ്ദേഹം അഭിപ്രായപ്പെട്ടത്.

മനുഷ്യാനാം മനുഷ്യത്വം / ജാതിർഗോത്വം ഗവാം യഥാ /
ന ബ്രാഹ്മനാദിരസ്യൈവം / ഹാ തത്ത്വം വേത്തി കോ പി ന

എല്ലാ മതങ്ങളുടെയും സാരം ഒന്നു തന്നെയാണെന്നും അതുകൊണ്ട് മതം പലതല്ല, ഒന്നാണെന്നുമാണ് ഗുരു അനുശാസിച്ചത്. തന്റെ മതദർശനത്തെ 'ഏകമതം' എന്നാണ് അദ്ദേഹം വിശേഷിപ്പിച്ചത്. അദ്ദേഹത്തിന്റെ ആത്മോപദേശശതകം എന്ന ഗ്രന്ഥത്തിൽ മതത്തെപ്പറ്റിയുള്ള സുചിന്തിതമായ അഭിപ്രായം അദ്ദേഹം വ്യക്തമാക്കിയിരിക്കുന്നു.

പലമതസാരവുമേകമെന്നു പാരാ / തുലകിലോരാനയിലന്ധരെന്നപോലെ
പലവിധയുക്തി പറഞ്ഞു പാമരന്മാ / രലവതു കണ്ടലയാതമർന്നിടേണം

ഗുരു ശങ്കരാചാര്യരുടെ നേരനുയായി ആയിരുന്നു എന്നു പറയാം. അദ്വൈത സിദ്ധാന്തത്തിൽ ആത്മാവാണ് പരമപ്രധാനം. ഈശ്വരന് അവിടെ താത്ത്വികാസ്തിത്വം ഇല്ല. ദൃക് പദാർത്ഥമാണ് ആത്മാവ് അല്ലെങ്കിൽ ബ്രഹ്മം അതിനു ദൃശ്യമല്ല. അതിനാൽ തന്നെ അത് മിഥ്യയുമാണ്. എന്നാൽ ഉപാസകരെ ഉദ്ദേശിച്ച് ബ്രഹ്മത്തിൻ നാനാരൂപങ്ങൾ കൽപിക്കപ്പെട്ടിരിക്കുന്നു. അതാണ് ബ്രഹ്മാവ്, വിഷ്ണു എന്നീ ത്രയങ്ങളും. എന്നാൽ ഗുരു ഒരു ജാതി ഒരു മതം ഒരു ദൈവം എന്നനുശാസിച്ചത് ഈ ദൈവങ്ങളെ ഉദ്ദേശിച്ചല്ല, മറിച്ച് സാക്ഷാൽ അദ്വിതീയമായ പരബ്രഹ്മം അഥവാ ആത്മാവിനെ തന്നെയാണ് വിവക്ഷിച്ചത്. ആ ദൈവത്തിൻ ജാതിയോ മതമോ ഉണ്ടായിരുന്നില്ല. വസുധൈവ കുടുംബകം എന്ന വിശാലമായ കാഴ്ചപ്പാടാണ് അദ്ദേഹത്തിനുണ്ടായിരുന്നത്.

മനുഷ്യനിലെ മനുഷ്യത്വത്തെ തൊട്ടുണർത്താനും അറിവാണ് യഥാർത്ഥ വെളിച്ചവും ശക്തിയുമെന്ന് അവനു പറഞ്ഞുകൊടുക്കാനും പ്രപഞ്ചം മുഴുവൻ തുടിച്ചുനിൽക്കുന്ന ഒരു ചൈതന്യത്തിന്റെ അവകാശിയും ഭാഗവുമാണ് താനെന്നു മനുഷ്യനെ ബോദ്ധ്യപ്പെടുത്താനുമാണ് ഗുരുദേവൻ തന്റെ ജീവിതം മാറ്റിവെച്ചത്.

**ജീവകാരുണ്യപഞ്ചകം (ഗുരുദേവ കൃതി)**

എല്ലാവരുമാത്മസഹോദരെ / നല്ലേ പറയേണ്ടതിതോർക്കുകിൽ നാം
കൊല്ലുന്നതുമെങ്ങനെ ജീവികള- / ത്തെല്ലും കൃപയറ്റു ഭുജിക്കയെന്നതും

കൊല്ലാവ്രതമുത്തമമാമതിലും / തിന്നാവ്രതമെത്രയുമുത്തമമാം
എല്ലാ മതസാരവുമോർക്കിലിതെ- / ന്നലെ പറയേണ്ടത് ധാർമികരെ!

കൊല്ലുന്നതു തങ്കൽ വരിൽ പ്രിയമാ- / മല്ലീവിധിയാർക്കു ഹിതപ്രദമാം?
ചൊല്ലേണ്ടതു ധർമ്യമിതാരിലുമൊ- / ത്തല്ല മരുവേണ്ടതു സൂരികളേ!

കൊല്ലുന്നവനില്ല ഭുജിപ്പതിനാ- / ളില്ലെങ്കിലശിക്കുകതന്നെ ദൃഢം
കൊല്ലിക്കുകകൊണ്ടു ഭുജിക്കുകയാം/ കൊല്ലുന്നതിൽനിന്നുമുരത്തൊരഘം

കൊല്ലായ്കിലിവൻ ഗുണമുള്ള പൂമാ- /
നല്ലായ്കിൽ മൃഗത്തോടു തുല്യനവൻ /
കൊല്ലുന്നവനില്ല ശരണ്യത മ- / റ്റെല്ലാവക നന്മയുമാർന്നിടിലും

വ്യാഖ്യാനം

ആത്മസത്യം കണ്ടെത്തുക എന്ന ജീവിത പരമലക്ഷ്യം നേടാൻ അനുപേക്ഷണീ യമായ ഗുണമാണ് ജീവകാരുണ്യം അഥവാ അഹിംസ മറ്റു ജീവജാലങ്ങളിൽ ഒരു തരത്തിലുമുള്ള ദ്രോഹചിന്ത പുലർത്താതെ സമഭാവന ശീലിക്കുകയാണ് സത്യാമ്പേഷണ സാധന. അഹിംസ അഥവാ ജീവകാരുണ്യം മനുഷ്യൻ അവശ്യം അംഗീകരിക്കേണ്ട ഗുണമാണെന്ന് പ്രതിപാദിക്കുന്ന കൃതിയാണ് ജീവകാരുണ്യപഞ്ചകം.

★ പാരമ്പര്യമായ ആത്മാവിന്റെ രൂപഭേദങ്ങളാണ് ഇക്കാണുന്നവയെല്ലാം. അതിനാൽ അവ പരസ്പരം സഹോദരങ്ങളാണ്. ഇക്കാര്യം ചിന്തിച്ചാൽ മനുഷ്യർ എങ്ങനെ മറ്റു ജീവികളെ കൊല്ലും? അൽപം പോലും കാരുണ്യമില്ലാതെ മറ്റു ജീവികളുടെ മാംസം എങ്ങനെ ഭക്ഷിക്കും? മറ്റു ജീവികളെ കൊല്ലുകയും ഭുജിക്കുകയും ചെയ്യുന്നത് ഭോഗചിന്തയെയും അഹങ്കാരത്തെയും വർദ്ധിപ്പിക്കുകയും സത്യദർശനത്തിൽ നിന്നും അകറ്റുകയും ചെയ്യുന്നു.

★ ആത്മസാക്ഷാത്ക്കാരത്തിനുതകുന്ന ധർമ്മങ്ങളിൽ വച്ചേറ്റവും വലുതാണ് അഹിംസ. പരദ്രോഹചിന്തയില്ലായ്മയാണ് അഹിംസയുടെ ആന്തരരൂപം. ഞാൻ വേറെ, നീ വേറെ എന്ന ചിന്തയിൽ നിന്നാണ് ഭയവും ദ്രോഹചിന്തയും ആരംഭിക്കുന്നത്. കോപചിന്തയും ദ്രോഹചിന്തയും മാറ്റി സമഭാവനയോടെ ജീവിക്കാൻ ദൃഢനിശ്ചയം ചെയ്തയാൾ സ്വധർമ്മനിർവ്വഹണത്തിനായി ചിലപ്പോൾ ശാരീരികമായി ഹിംസിച്ചാലും അത് ഹിംസയാകുന്നില്ല. സ്വാർത്ഥലാഭത്തിനായി ദ്രോഹചിന്തയോടെ ഒരു ജീവിയേയും ശാരീരികമായി ഉപദ്രവിക്കാതിരി ക്കുന്നിടത്താണ് അഹിംസ ആരംഭിക്കുന്നത്. പരദ്രോഹചിന്ത വെടിഞ്ഞു എല്ലാം ഒന്നെന്നു കാണുന്ന അഹിംസയാണ് എല്ലാ മതങ്ങളും ഉദ്ഘോഷിക്കുന്നത്.

★ ഹിംസയിൽ കൊല്ലപ്പെടുന്നവൻ താനാണെങ്കിൽ അഭീഷ്ടമായിരിക്കുമോ? ഹിംസ തുടങ്ങിയ ക്രൂരതകൾ ആരുടേയും കുത്തകയല്ല. വിധി എപ്പോഴും

ഒരുവന്റെ ഹിതം തന്നെ അനുവദിക്കുമെന്ന് കരുതരുത്. കൊല്ലുന്നവൻ ഏത് നിമിഷവും കൊല്ലപ്പെടുന്നവനായി മാറാവുന്നതേയുള്ളൂ. അചഞ്ചലമായ പ്രകൃതിനിയമം തെറ്റുകയില്ല. സത്യാനുഭവത്തിനു വഴി തെളിക്കുന്ന ഈ ധർമ്മനിയമമാണ് അറിവുള്ളവർ എല്ലാവർക്കും ഉപദേശിക്കേണ്ടത്. അതനുസരിച്ച് ജീവിക്കുകയും വേണം.

★ തിന്നാൻ ആളില്ലെന്ന് വന്നാൽ കൊല്ലാനും ആളുണ്ടാവില്ല എന്ന് തീർച്ചയാണ്. അപ്പോൾ തിന്നുന്നതു തന്നെയാണ് വലിയ ഹിംസ. കൊല്ലുന്നതിനു മറ്റുള്ളവർക്ക് പ്രേരണ നൽകുന്നതുകൊണ്ട് കൊല്ലുന്നതിനേക്കാൾ വലിയ പാപവും തിന്നുന്നതു തന്നെയാണ്.

★ മറ്റു ജീവികളെ ഹിംസിക്കാതിരിക്കുന്ന മനുഷ്യനാണ് വിവേകമുള്ളവൻ. കൊല്ലുന്ന അവിവേകിയും മൃഗവും തമ്മിൽ ഒരു ഭേദവുമില്ല. കൊല്ലുന്നവന് മറ്റെല്ലാ നന്മകളുമുണ്ടെങ്കിൽപോലും അഭയം ലഭിക്കുന്നതല്ല.

അതുകൊണ്ട് ഒരു സത്യാന്വേഷി കൊല്ലലും തിന്നലും ദൃഢമായി ഉപേക്ഷിക്കണം എന്ന് ശ്രീനാരായണഗുരു ഉപദേശിക്കുന്നു.

## സഹായക ഗ്രന്ഥങ്ങൾ


1. ശ്രീനാരായണഗുരു അറിയേണ്ടതെല്ലാം - മാങ്ങാട് ബാലചന്ദ്രൻ, ശിവഗിരിമഠം പബ്ലിക്കേഷൻസ്, 2011.
2. ശ്രീനാരായണചിന്തകൾ - സി.ആർ. കേശവൻ വൈദ്യർ, പ്രസാധനം : ഡി.സി. ബുക്സ്, കോട്ടയം, 1972.
3. ശ്രീനാരായണഗുരുസ്വാമികളുടെ ജീവചരിത്രം - മൂർക്കോത്ത് കുമാരൻ, പ്രസാധനം : ശിവഗിരിമഠം, 1998.
4. നവീകരണവും പാരമ്പര്യങ്ങളുടെ പരിരക്ഷണവും ശ്രീനാരായണഗുരു ദർശനങ്ങളിൽ - ഡോ. ഗീവറുഗീസ് മാർ തിയഡോഷ്യസ്, പ്രസാധനം : ഡി.സി. ബുക്സ്, കോട്ടയം, 1994.
5. ശ്രീനാരായണഗുരു - വിശ്വമാനവികതയുടെ പ്രവർത്തകൻ - പി.കെ. ഗോപാലകൃഷ്ണൻ, പ്രഭാത് ബുക്ക് ഹൗസ്, 1992.